# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *277** — **20/06/2018-ൽ മറുപടിയ്ക്ക്**

### മരുന്നുകളുടെ ദുരുപയോഗം

**ചോദ്യം**

**ശ്രീ.പി. ഉണ്ണി**
**,, ജോർജ് എം. തോമസ്**
**,, എ.എം. ആരിഫ്**
**,, ഐ.ബി. സതീഷ്**

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ എന്നറിയിക്കുമോ; | എ) | ഉണ്ട്. |
| ബി) | മരുന്നുകളുടെ നിർമ്മാണം, വിതരണം, വില തുടങ്ങിയവ സംബന്ധിച്ച പരിശോധന നടത്തുന്നതിനും നിയമം ലംഘിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനും വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | ബി) | ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തിലെ ഉദ്യോഗസ്ഥർ മരുന്നുകളുടെ നിർമ്മാണം, വിതരണം, വില തുടങ്ങിയവ സംബന്ധിച്ച നിരന്തരം പരിശോധനകൾ നടത്തുകയും നിയമം ലംഘിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| സി) | നാർക്കോട്ടിക് മരുന്നുകളുടെ ദുരുപയോഗം കണ്ടെത്തുന്നതിനും തടയുന്നതിനുമായി എക്സൈസ് വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്താറുണ്ടോ; വിശദമാക്കാമോ; | സി) | ഉണ്ട്. നാർക്കോട്ടിക് മരുന്നുകളുടെ ദുരുപയോഗം കണ്ടെത്തുന്നതിനും തടയുന്നതിനുമായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് എക്സൈസ് വകുപ്പുമായി ചേർന്ന് സംസ്ഥാനത്തുടനീളം 149 ഔഷധ വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയുണ്ടായെങ്കിലും അവ ദുരുപയോഗം ചെയ്യുന്നതിലേയ്ക്കായി വില്പന നടത്തുന്നതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. |
| ഡി) | ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ടിലെ നിയമങ്ങൾ ലംഘിച്ചുകൊണ്ട് നടത്തുന്ന സൗന്ദര്യ വർദ്ധക വസ്തുക്കളുടെ വില്പന തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | ഡി) | സൗന്ദര്യവർദ്ധക വസ്തുക്കളുടെ നിർമ്മാണത്തിനും ഇറക്കുമതിയ്ക്കും മാത്രമേ, ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ട് & റൂൾസ് പ്രകാരം നിലവിൽ നിയന്ത്രണമുള്ളൂ. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന സൗന്ദര്യ വർദ്ധക വസ്തുക്കളിൽ 90%-വും അന്യ-സംസ്ഥാനങ്ങളിൽ നിർമ്മിക്കുന്നവയോ, വിദേശരാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്നവയോ ആണ്. ഇവയുടെ വിൽപന നിയന്ത്രിക്കുന്നതിനുള്ള നിയമങ്ങളൊന്നും തന്നെ പ്രാബല്യത്തിലില്ല. എന്നിരുന്നാലും ലേബൽ വ്യവസ്ഥകൾ |

പാലിക്കപ്പെടാത്തവയും, വ്യാജമായതുമായ സൗന്ദര്യ വർദ്ധക വസ്തുക്കൾ കണ്ടെടുത്ത് നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇത്തരത്തിൽ ഡ്രഗ്സ് & കോസ്മെറ്റിക്സ് ആക്ടിനും റൂളുകൾക്കും വിരുദ്ധമായി സൗന്ദര്യ വർദ്ധക വസ്തുക്കൾ നിർമ്മിച്ചതിനും, വിൽപ്പന നടത്തിയതിനും എതിരായി 74 കേസുകൾ കേരളത്തിലെ വിവിധ കോടതികളിൽ നടത്തിവരുന്നുണ്ട്. ഇതു കൂടാതെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ അവരുടെ പതിവ് പരിശോധനാവേളകളിൽ, സൗന്ദര്യ വർദ്ധക വസ്തുക്കളിൽ മുഖ്യമായും ഷാംപൂ, സോപ്പ്, ക്രീം എന്നിവയുടെ സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നുമുണ്ട്..

സെക്ഷൻ ഓഫീസർ